# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3261

24.02.2016 ൽ
മറുപടിക്ക്

## പോലീസ് സേനയിലെ ഡ്രൈവർ തസ്തിക

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| **(എ)** പോലീസ് സേനയിലെ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത്;ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിൽ നിലവിലുണ്ടായിരുന്ന 483 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **(ബി)** ആവശ്യത്തിന് ഡ്രൈവർമാർ ഇല്ലാത്തതു കാരണം ലൈസൻസുള്ള പോലീസുകാരെ ഈ ജോലിക്ക് നിയോഗിക്കുന്നത് ക്രമസമാധാനപാലനത്തിന് ആവശ്യത്തിന് പോലീസുകാരില്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തിക നിലവിലില്ലാത്തതിനാലാണ് നിശ്ചിത യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനം ഓടിക്കുന്നതിന് അനുമതി നൽകി വരുന്നത്. ഇതുമൂലം ക്രമസമാധാനപാലനത്തിന് പോലീസുകാർ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനു വേണ്ടി പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**